'ഭരണഭാഷ - മാതൃഭാഷ'
ഇമെയിൽ :eephaluvakwa@gmail.com

ഫോൺ: 0484-2626948

## പി.എച്ച്.ഡിവിഷൻ, ആലുവ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : Er. പ്രിയദർശിനി ബി)

*വിഷയം:* JJM 2020-21 – Vazhakulam Panchayath in Ernakulam District – Phase II – Part 8 – Extension of pipe line in Ward No. 15 & 18 and providing FHTCs – Balance work - പ്രവൃത്തി ലക്ഷ്യപ്രാപ്തിക്കു മുൻപേ റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് –

കേരള ജല അതോറിറ്റി

നമ്പർ: A1-P-11606/2022

ആലുവ, തീയതി : 22/11/2023.

*പരാമർശം:*
1) ഈ കാര്യാലയത്തിലെ കരാർ ഉടമ്പടി നമ്പർ 15/2022-23 തീയതി 9/6/2022.
2) ഈ കാര്യാലയത്തിലെ 20/8/2022, 26/10/2022, 30/1/2023, 2/6/2023, 19/7/2023 തീയതികളിലെ സമയം ദീർഘിപ്പിക്കുന്നതിനുള്ള supplementary agreement.
3) 29/8/2023 തീയതിയിലെ കരാറുകാരൻ M/s. Andhyodaya യുടെ കത്ത്.
4) 20/11/2023 തീയതിയായുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്. സബ് ഡിവിഷൻ, കെ.ഡബ്ല്യു.എ., പെരുമ്പാവൂരിന്റെ D2-11606/2022 നമ്പർ കത്ത്.
5) കരാർ ഉടമ്പടി നമ്പർ 37/2022-23 തീയതി 1/9/2023.

## ഉത്തരവ്

മേൽ പരാമർശം (1) പ്രകാരം എഗ്രിമെന്റ് വെച്ച് M/s. Andhyodaya, M.C.Road, Angamaly എന്ന കരാറുകാരൻ Tendered PACയേക്കാൾ 28.30 ശതമാനം കുറവിൽ ഏറ്റെടുത്തിരിക്കുന്ന മേൽ പ്രവൃത്തിയുടെ കരാർ കാലാവധി 12/7/2022 ആയിരുന്നു. സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ സൂചന (2) പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 5 ഘട്ടങ്ങളിലായി 10/08/2023 വരെ പിഴ ഈടാക്കാതെ നീട്ടി നൽകിയിട്ടുള്ളതാണ്. ഈ പ്രവൃത്തിയിൽ പ്രധാനമായും 3500 മീറ്റർ 63mm, 90mm പി.വി.സി. പൈപ്പുകൾ സ്ഥാപിച്ച് 690 ഗാർഹിക കണക്ഷൻ നൽകുന്നതിന് വേണ്ടിയായിരുന്നു വിഭാവനം ചെയ്തിരുന്നത്.

പ്രവൃത്തി പുരോഗമിച്ചപ്പോൾ FHTC നൽകുന്നതിന് വിതരണശൃംഗല ദീർഘിപ്പിക്കേണ്ടത് ആവശ്യമായി വന്നു. Tendered PACൽ അധികരിക്കാതെ പൈപ്പ് ലൈൻ സ്ഥാപിച്ച് FHTC നൽകുവാൻ ഈ കാര്യാലയത്തിൽ നിന്നും അനുമതി നൽകുകയും അതിൻപ്രകാരം കരാറുകാരൻ 2006 m പൈപ്പ് ലൈൻകൂടി അധികമായി സ്ഥാപിച്ച് ആകെ 5506m പൈപ്പ്ലൈൻ ഇട്ട് 468 FHTC നൽകുകയും ചെയ്തു. പരാമർശം (3) പ്രകാരം കൂടുതൽ കണക്ഷൻ എടുക്കുവാൻ വീട്ടുകാർ തയ്യാറാകാത്തതിനാൽ ഫൈനൽ ബിൽ നൽകണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു. വാഴക്കുളം പഞ്ചായത്തിൽ വിവിധ വാർഡുകളിൽ കണക്ഷൻ നൽകുന്ന മറ്റൊരു പ്രവൃത്തി പരാമർശം (5) പ്രകാരം പുരോഗമിക്കുന്നതിനാൽ ഈ പ്രവൃത്തി ലക്ഷ്യപ്രാപ്തിക്ക് മുൻപ് പൂർത്തീകരിക്കാവുന്നതാണെന്ന് പരാമർശം (4) പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്തിരിക്കുന്നു.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിലും, കരാറുകാരൻ പരാമർശം (3) പ്രകാരം നൽകിയ അപേക്ഷയുടെയും, പരാമർശം (4) പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശുപാർശ കത്തും പരിഗണിച്ച് ഈ പ്രവൃത്തി ലക്ഷ്യപ്രാപ്തിക്കു മുൻപേ റദ്ദ് ചെയ്തുകൊണ്ടും കൂടുതൽ FHTC 15,18 വാർഡുകളിൽ നൽകുന്നതിനുള്ള തുടർനടപടികൾ പരാമർശം (5) പ്രകാരമുള്ള പ്രവൃത്തിയിൽ സ്വീകരിക്കുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച് സബ് ഡിവിഷൻ, പെരുമ്പാവൂർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

**എക്സിക്യൂട്ടീവ് എഞ്ചിനീയർ.**

***സ്വീകർത്താവ്***

*അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,*
*പി.എച്ച്. സബ് ഡിവിഷൻ, കെ.ഡബ്ല്യൂ.എ.,*
*പെരുമ്പാവൂർ.*

*മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കി റിപ്പോർട്ട് ചെയ്യുന്നതിലേയ്ക്കായി.*

***ഉത്തരവിന്റെ പകർപ്പ് :***

1) സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി.എച്ച്. സർക്കിൾ, കേരള വാട്ടർ അതോറിറ്റി, കൊച്ചി 11 ന്റെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു.
2) M/s. Andhyodaya, M.C.Road, Angamaly.
3) *അസിസ്റ്റന്റ് എഞ്ചിനീയർ, പി.എച്ച്. സെക്ഷൻ,കെ.ഡബ്ല്യൂ.എ., കുന്നത്തുനാട്.*